# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ –**5965** **09.07.2012** ൽ മറുപടിക്ക്

## റോഡുകൾക്ക് കുറുകെ പരസ്യകമാനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | കോഴിക്കോട് നഗരത്തിലെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകൾക്ക് കുറുകെ പരസ്യകമാനങ്ങൾ സ്ഥാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് പരസ്യകമാനങ്ങൾ റോഡിന് കുറുകെ സ്ഥാപിച്ചത് ; വിശദമാക്കുമോ ; | (ബി) | 1. ഫ്രാൻസിസ് റോഡ് – വെങ്ങാലിഗേറ്റ് റോഡ് ഇതിൽ നിലവിൽ പരസ്യം ഒഴിവാക്കിയിട്ടുണ്ട്.<br>**2.** രാജാജി റോഡ്– ഫോക്കസ് മാളിന് മുന്നിൽ മനോരമയുടെ പരസ്യം.<br>**3.** മിനി ബൈപ്പാസ് റോഡ് മീഞ്ചന്ത, മാങ്കാവ് ഇവയിൽ പി.ഡബ്ല്യൂ.ഡിയുടെ ഡയറക്ഷൻ ബോർഡ് ആക്കി മാറ്റിയിട്ടുണ്ട്.<br>**4.** മാവൂർ റോഡ് മൊഫ്യൂസൽ ബസ്സ്റ്റാന്റിനു മുന്നിൽ (നിലവിൽ പരസ്യം ഒഴിവാക്കിയിട്ടുണ്ട്) ഡാൽമ ടൂറിസ്റ്റ് ഹോമിന് സമീപം (നിലവിൽ പരസ്യം ഒഴിവാക്കിയിട്ടുണ്ട്) ഹോട്ടൽ മരിയയ്ക്ക് മുന്നിൽ (സി.പി.എം. പാർട്ടി കോൺഗ്രസിന്റെ പരസ്യം ഇപ്പോഴും നിലവിലുണ്ട്)<br>**5.** റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ് അപ്സര തീയറ്ററിനടുത്ത് (സി.പി.എം. പാർട്ടി കോൺഗ്രസിന്റെ പരസ്യം ഇപ്പോഴും നിലവിലുണ്ട്) |

| | | | |
|---|---|---|---|
| (സി) | വളരെയധികം തിരക്കുള്ള നഗരത്തിൽ ഇങ്ങിനെ സ്ഥാപിച്ച പ്രസ്തുത പരസ്യകമാനങ്ങൾ അപകടങ്ങൾക്കും ഡ്രൈവർമാരുടെ ശ്രദ്ധ തിരിക്കത്തക്കവിധത്തിലു മാണോ സ്ഥാപിച്ചിരിക്കുന്നത് ; വിശദമാക്കുമോ ; | (സി) | അല്ല. |
| (ഡി) | പുതുക്കിയ പി.ഡബ്ല്യു.ഡി. മാനുവൽ പ്രകാരം ഇത്തരം പരസ്യകമാനങ്ങൾക്കെതിരെ ആരാണ് നടപടികൾ സ്വീകരി-ക്കേണ്ടത്; വിശദമാക്കുമോ ; | (ഡി) | പുതുക്കിയ മാനുവൽ പ്രകാരം പി.ഡബ്ല്യു.ഡി.ഹൈവേ അതോറി റ്റിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി. ആണ് നടപടി സ്വീകരിക്കേണ്ടത്. നിയന്ത്രണ ങ്ങൾക്ക് വിധേയമായി അനുമതി നൽകുന്ന പ്രകാരം മാത്രമേ പരസ്യ ബോർഡുകൾ സ്ഥാപിക്കാൻ കഴിയു കയുള്ളൂ. ഇതിനായി നിശ്ചിത തുക അടയ്ക്കേണ്ടതാണ്. ജംഗ്ഷനുകൾ, ട്രാഫിക് സൈൻ ബോർഡുകൾ, വളവുകൾ, പ്രധാന സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും നിശ്ചിത അകലം, ഡ്രൈവർമാരുടെ ശ്രദ്ധ തിരിയാനുള്ള സാദ്ധ്യത, അവരുടെ കാഴ്ച തടസ്സപ്പെടുത്താനുള്ള സാദ്ധ്യത തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് മാത്രമാണ് അനുമതി നൽകുന്നത്. വ്യവസ്ഥകൾ ലംഘിച്ച് ബോർഡു കൾ സ്ഥാപിക്കുന്നവർക്കെതിരെ ഹൈവേ സംരക്ഷണ ആക്ട് പ്രകാരം ഫൈൻ ചുമത്തുന്നതും ബോർഡുകൾ നീക്കം ചെയ്യുന്നതും അതിനുള്ള ചെലവ് ഉത്തരവാദികളിൽ നിന്നും ഈടാക്കു ന്നതുമാണ്. ഇതിനായി റവന്യൂ റിക്കവറി പ്രകാമുള്ള നടപടികൾ സ്വീകരിക്കാൻ നിയമം അനുവദിക്കു ന്നുണ്ട്. |
| (ഇ) | ഇവ ശ്രദ്ധയിൽപ്പെട്ടിട്ടും എന്തു കൊണ്ടാണ് നടപടി സ്വീകരി ക്കാത്തത് ; വിശദമാക്കുമോ ; | (ഇ) | നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 8 കമാനങ്ങളിൽ 5 എണ്ണത്തിൽ നിന്നും പരസ്യം നീക്കം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | ഇവ നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (എഫ്) | ബാക്കിയുള്ളവയിൽ നിന്നും പരസ്യങ്ങൾ നീക്കം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ